# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2949

07.12.2018-ലെ മറുപടി

### ജൈക്ക കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ജൈക്ക കുടിവെള്ള പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പ്രവൃത്തികൾ പൂർത്തി യായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചു എന്ന് വ്യക്ത മാക്കാമോ; അവശേഷിക്കുന്നവ എന്നത്തേക്ക് പൂർത്തി യാക്കാൻ സാധിക്കും; വ്യക്തമാക്കമോ; | (എ) | ഇല്ല; പദ്ധതി 5 പാക്കേജുകളായി കരാർ നൽകുകയും 4 പാക്കേജുകളുടെ പ്രവൃത്തി കൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ 174 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണശാല പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്. പദ്ധതിയുടെ 20 ജലസംഭരണികളുടെ പണിയും അതിലേയ്ക്കുള്ള പ്രധാന പൈപ്പ് ലൈനുകളുടെ പ്രവൃത്തികളും (ചേളന്നൂർ ജലസംഭരണിയിലേയ്ക്കുള്ള 150 മീറ്റർ പൈപ്പ് ലൈൻ ഒഴികെ) പൂർത്തീകരിച്ചു. 70% പ്രവൃത്തികൾ പൂർത്തി യായി.<br><br>ബേപ്പൂർ, കടലുണ്ടി മേഖലകളിലെ വിതരണ ശൃംഖലയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം ആരംഭി ച്ചിട്ടുണ്ട്.<br><br>ചെറുവണ്ണൂർ മേഖലയിൽ എൻ.എച്ച് ലെ അനുമതി ലഭിച്ച് ഇപ്പോൾ പ്രവൃത്തികൾ നടന്നു വരുന്നു. എന്നാൽ വാഹനങ്ങളുടെ ബാഹുല്യവും കെ. എസ്. ഇ. ബി, ബി. എസ്. എൻ. എൽ, ഡിഫൻസ് എന്നീ വകുപ്പുകളുടെ കേബിളുകളും നിരത്തിന്റെ പാർശ്വ ങ്ങളിൽ ഉള്ളതിനാൽ പൈപ്പിനു വേണ്ടി കുഴിയെടുക്കുന്നതിൽ കൂടുതൽ കാല താമസം നേരിടുന്നു. ഈ വർഷം ഡിസംബറോടെ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി കൾ സ്വീകരിച്ചു വരുന്നു. |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | കോവൂർ മേഖലയിൽ 75 കി.മീറ്ററിൽ 13 കിലോ മീറ്ററും പൊറ്റമ്മൽ മേഖലയിൽ 52 കിലോ മീറ്ററിൽ 14 കിലോ മീറ്ററും പൂർത്തീകരിക്കാനുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിയുകയുള്ളൂ.<br><br>ഈസ്റ്റ് ഹിൽ, മലാപ്പറമ്പ്, ബാല മന്ദിരം, എരവത്ത്കുന്ന് (നോർത്ത്) മേഖലകളിൽ എൻ.എച്ച് ന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി 2019 മേയിൽ പൂർത്തികരിക്കുന്ന തരത്തിൽ തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br><br>എരവത്തുകുന്ന് (സൗത്ത്) മേഖലയിൽ റോഡ് ഫണ്ട് ബോർഡിന്റെ അനുമതിയും എൻ.എച്ച് 212-ൽ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള അനുമതിയും ലഭ്യമാകുന്ന പക്ഷം 2019 മേയ് മാസത്തിനുള്ളിൽ ജോലികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | ജൈക്ക പദ്ധതിയുടെ കരാർ പ്രവൃത്തികളിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ | (ബി) | ഉണ്ട്. എൻ.എച്ച് വിഭാഗത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിക്കു സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ